"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.364/2025/DMD തീയതി,തിരുവനന്തപുരം, 30-05-2025

---

പരാമർശം:-
1. ആലപ്പുഴ ജില്ലാകളക്ടറുടെ 22.05.2025-ലെ DCALP-3758/2025/DMC5 നമ്പർ കത്ത്.
2. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 14/05/2025-ലെ MTOII/916/2025/SDMA-KSDMA നമ്പർ കത്ത്.

**ഉത്തരവ്**

ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് 5 ലക്ഷം രൂപ വീതം എല്ലാ ജില്ലകൾക്കും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാഎമർജൻസി ഓപ്പറേഷൻ സെന്ററിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 2245-02-101-94-01 F Other items (Capacity building) എന്ന ശീർഷകത്തിൽ നിന്ന് 5 ലക്ഷം (അഞ്ച് ലക്ഷം രൂപ) വീതം എല്ലാ ജില്ലാകളക്ടർമാർക്കും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇത് സംബന്ധിച്ച ചെലവുകൾ നിയന്ത്രിക്കേണ്ടതും, ചെലവുകൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ (ഡി.ഡി.എം.എ) അംഗീകാരത്തോടുകൂടെ മാത്രം നടത്തേണ്ടതുമാണ്. ഡി.ഡി.എം.എ അംഗീകരിച്ച വിനിയോഗ സർട്ടിഫിക്കറ്റ് സാമ്പത്തിക വർഷം അവസാനിച്ചയുടൻ സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്. മേൽ തുക ചുവടെ പരാമർശിച്ചിരിക്കുന്ന ആവശ്യങ്ങൾക്ക് മാത്രം വിനിയോഗിക്കേണ്ടതാണ്.

1) ജില്ലാ എമർജൻസി ഓപ്പറേഷൻ സെൻ്ററിന്റെ (DEOCയുടെ മാത്രം)
a. ടെലിഫോൺ ബില്ലുകൾ
b. മൊബൈൽ ഫോൺ ബില്ലുകൾ
c. ടെലിവിഷൻ കണക്ഷൻ ബില്ലുകൾ
d. പ്രിന്റർ കാട്രിഡ്ജ്
e. ഇൻറർനെറ്റ് ചാർജ്ജുകൾ
f. സ്റ്റേഷനറി വാങ്ങൽ
g. കമ്പ്യൂട്ടറുകളുടെയും, ടിവിയുടെയും, പ്രിൻ്ററിൻ്റെ അറ്റകുറ്റപ്പണികൾ (NCRMP II പദ്ധതിയിൽ വാങ്ങി പരിപാലിച്ച് വരുന്നവ ഒഴികെ)
h. ഫാനുകൾ, ലൈറ്റുകൾ, എയർ കണ്ടീഷണറുകൾ, യുപിഎസ് (NCRMP II പദ്ധതിയിൽ വാങ്ങി പരിപാലിച്ച് വരുന്നവ ഒഴികെ) എന്നിവയുടെ അറ്റകുറ്റപ്പണി/പരിപാലനം

2) ഐ.ആർ.എസ് പരിശീലന ചെലവുകൾ

3) മോക്ക് ഡ്രില്ലുകൾ - ഒരു സ്ഥലത്തെ മോക്ക് ഡ്രില്ലിന് പരമാവധി 10,000 രൂപ വരെ ചെലവഴിക്കാം. ഈ തുക ജില്ലാ ഹസാർഡ് അനലിസ്റ്റ്മാർക്ക് അഡ്വാൻസ് ആയി നല്കാം. ജില്ലാ ഹസാർഡ് അനലിസ്റ്റ്മാർ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ്, സർട്ടിഫൈ ചെയ്ത ബില്ലുകൾ എന്നിവ അഡ്വാൻസ് ലഭിച്ച തീയതിയിൽ നിന്നും 3 മാസത്തിനുള്ളിൽ സെറ്റിൽ ചെയ്യണം.

4) ദുരന്ത സാഹചര്യങ്ങളിൽ DEOC യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഭക്ഷണം, ചായ, ലഘു ഭക്ഷണം എന്നിവയുടെ ചെലവുകൾ.

5) ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടോ, ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി വിളിച്ച് ചേർക്കുന്ന യോഗങ്ങൽ, പരിശീലന പരിപാടികൾ എന്നിവയിൽ ഭക്ഷണം, ചായ, ലഘു ഭക്ഷണം എന്നീ ചെലവുകൾ.

6) DEOCയുടെ ഭൗതിക സാഹചര്യ പരിപാലനം.

7) ദുരന്ത സാഹചര്യങ്ങളിൽ DEOCയിൽ നിയോഗിക്കുന്ന Civil Defense, Aapda Mitra വോളന്റിയർമാരുടെ ഭക്ഷണം, ചായ, ലഘു ഭക്ഷണം, യാത്ര എന്നിവയുടെ ചെലവ്.

8) ജില്ലാ ഹസാർഡ് അനലിസ്റ്റ്മാർ, തദ്ദേശ സ്വയംഭരണ സ്ഥാപന ഡി.എം. പ്ലാൻ കോർഡിനേറ്റർമാർ (TA/DA Category Grade 2b) എന്നിവർ ഉൾപ്പെടുന്ന ജില്ലാ ഹെഡ് ക്വാർട്ടറിന് പുറത്ത്, ജില്ലയ്ക്ക് അകത്തുള്ള Field Work, meetings, investigation എന്നിവയുടെ യാത്രയ്ക്കായി വാഹന വാടക, വാഹന ചെലവ്, ദിനബത്ത എന്നിവ.

9). മറ്റ് വകുപ്പുകളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുമ്പോൾ ഭക്ഷണം, ചായ, ലഘു ഭക്ഷണം, യാത്ര എന്നിവയുടെ ചെലവ്.

10) ദുരന്ത ലഘൂകരണം സംബന്ധിച്ച ലഘുലേഖകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുക, ചെറു വീഡിയോകൾ തയ്യാറാക്കി സാമൂഹിക മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവ്.

11) NCRMP II പദ്ധതിയിൽ വാങ്ങി പരിപാലിച്ച് വരുന്നവ ഒഴികെ ജില്ലാ ഇ.ഒ.സിയിലെ കമ്പ്യൂട്ടർ, ടി.വി, റേഡിയോ, AC, UPS എന്നിവ PWD Electronics പരിശോധിച്ച്, മാറ്റി വാങ്ങുവാൻ ശുപാർശ ലഭിക്കുന്നവ മാത്രം മാറ്റി പുതിയത് വാങ്ങുവാൻ.

12) ജില്ലാ ഇ.ഒ.സിയിൽ ഉണ്ടാകേണ്ട സംവിധാനങ്ങൾ Orange Book of Disaster Management 1, Page 368 ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഈ സംവിധാനങ്ങൾ ഇല്ല എങ്കിൽ അവ ഉറപ്പാക്കുന്നതിന്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം

എല്ലാ ജില്ലാകളക്ടർമാർക്കും

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ട്രഷറി ഡയറക്ടർ,തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 30-05-2025 17:04:32

സെക്ഷൻ ഓഫീസർ